# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5067 — 23.03.2018 ലെ മറുപടി

### അങ്കമാലി മണ്ഡലത്തിലെ റോഡുകളും നടപ്പാതകളും കെട്ടിടങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം.ജോൺ : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെയും നടപ്പാതകളുടെയും വിവരം ലഭ്യമാക്കുമോ; | (എ) അങ്കമാലി നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ കീഴിലുള്ള കാലടി സെക്ഷന്റെ അധീനതയിൽ നടപ്പാതയും കനാൽബണ്ട് റോഡും ഉൾപ്പെടെ 16.60 കിലോമീറ്ററും, പറവൂർ സെക്ഷന്റെ കീഴിൽ പാറക്കടവ് പഞ്ചായത്തിൽ പാറക്കടവ് നം.1, പാറക്കടവ് നം.2, പൂവത്തുശ്ശേരി എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ കനാൽ ബണ്ട് റോഡുകളും (നീളം 10.475 കി.മീ) ഉണ്ട്.<br><br>കൂടാതെ, അങ്കമാലി നിയോജക മണ്ഡലത്തിൽ, ഇടമലയാർ ജലസേചന പദ്ധതിയിൽ 38.854 കി.മീ. കനാൽ ബണ്ട് റോഡും 7.109 കി.മീ. നടപ്പാതയും ഉണ്ട്. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിൽ 128.35 കി.മീ. ബണ്ട് റോഡ് ഉണ്ട്. |
| (ബി) ഇതിൽ എത്ര റോഡുകളാണ് തകർന്ന് കിടക്കുന്നത്; ഈ റോഡുകൾ പുനരുദ്ധരിക്കുന്നതിന് എന്ത് നടപടിയാണ് വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) മൈനർ ഇറിഗേഷൻ സെക്ഷൻ പറവൂരിന് കീഴിലുള്ള പാറക്കടവ് നം.2 എൽ.ഐ സ്കീമിന്റെ പറയൻമൂല ജംഗ്ഷന് സമീപം 200 മീറ്റർ നീളത്തിലും പൂവത്തുശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ വലിയകുളം ഭാഗത്ത് 100 മീറ്റർ നീളത്തിലും റോഡ് നല്ല നിലവാരത്തിലല്ല. കനാൽ ബണ്ട് റോഡുകൾ ടാറിംഗ് ഇപ്പോൾ കൂടുതലായി നടത്തിവരുന്നത് ഇറിഗേഷൻ വകുപ്പിന്റെ അനുമതിയോടുകൂടി ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളാണ്. വിവിധ ഇടങ്ങളിൽ ഇപ്രകാരമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നുണ്ട്. |

ഇടമലയാർ ജലസേചന പദ്ധതിയുടെ കീഴിൽ ലോ ലെവൽ കനാൽ ചെ.9525 മീ. മുതൽ ചെ.10490 മീ. വരെയുള്ള ബണ്ട് റോഡ് തകർന്നു കിടക്കുന്നു. ഇതിന്റെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിൽ 14.23 കി.മീ ബണ്ട് റോഡ് തകർന്നുകിടക്കുന്നു. ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം ബണ്ടു റോഡിന്റെ പുനരുദ്ധാരണത്തിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അടിസ്ഥാന വികസനത്തിനും ഇത്തരം പ്രവൃത്തികൾക്കുമായി ഇറിഗേഷൻ വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണം, അറ്റകുറ്റ പണികൾ ഇവയ്ക്കായി അനുമതി നല്കിയ പ്രവർത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

കൂടാതെ പദ്ധതി വിഭാഗം 2 ന്റെ കീഴിൽ വരുന്ന ഇടമലയാർ ജലസേചന പദ്ധതിയുടെ കീഴിലുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി 23 കോടി രൂപയും, ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന്റെ കീഴിലുള്ള അടിസ്ഥാനവികസന പ്രവർത്തനങ്ങൾ ക്കായി 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള കെട്ടിടങ്ങളും റോഡുകളും തകർന്ന് കിടക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ വകുപ്പിന് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

(ഡി) പരാതികൾ ഒന്നും ശ്രദ്ധയിൽപെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം</u>**

| | | | |
|---|---|---|---|
| 1. | മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്തിൽ നടുവട്ടം ചർച്ചിനരികെ വാർഡ് നം.1 നീലീശ്വരം നം.1 എൽ.ഐ സ്കീമിന്റെ പുനരുദ്ധാരണം | - | 14.00 ലക്ഷം |
| 2. | മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്തിൽ മലയാറ്റൂർ നം.2 എൽ.ഐ സ്കീം കനാലിന്റെ ഗോതമ്പ് റോഡ് മുതൽ പള്ളിപ്പേട്ട വിപണി വരെയുള്ള ഭാഗത്തെ പുനരുദ്ധാരണം | - | 24.30 ലക്ഷം |
| 3. | മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്തിൽ മലയാറ്റൂർ നം.2 എൽ.ഐ സ്കീമിലെ സൈഫണിന്റെ പുനരുദ്ധാരണം | - | 06.00 ലക്ഷം |
| 4. | മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്തിൽ മലയാറ്റൂർ നം.1 എൽ.ഐ സ്കീമിന്റെ വടക്കേമൂല ജംഗ്ഷനടുത്തുള്ള സി.സി കനാലിന്റെ പുനരുദ്ധാരണം | - | 08.60 ലക്ഷം |
| 5. | റീഹാബിലിറ്റേഷൻ ഓഫ് എൽ.ഐ.സ്കീം-പാറക്കടവ് ഗ്രാമ പഞ്ചായത്തിലെ പാറക്കടവ് നം.1 എൽ.ഐ.സ്കീമിലെ മെയിൻ കനാൽ, ബ്രാഞ്ച് കനാൽ എന്നിവയുടെ അഭിവൃദ്ധിപ്പെടുത്തൽ | - | 15.00 ലക്ഷം |
| 6. | റീഹാബിലിറ്റേഷൻ ഓഫ് എൽ.ഐ.സ്കീം-കാലടി ഗ്രാമ പഞ്ചായത്തിലെ പിരാരൂർ നം.1 എൽ.ഐ.സ്കീമിന്റെ 0 മുതൽ 1 കി.മീ വരെയുള്ള കോൺക്രീറ്റ് കനാലിന്റെ നവീകരണ പ്രവർത്തനങ്ങൾ | - | 10.00 ലക്ഷം |
| 7. | പാറക്കടവ് ഗ്രാമ പഞ്ചായത്തിലെ പാറക്കടവ് നം.2 എൽ.ഐ.സ്കീമിലെ പമ്പ് ഹൗസിന്റെ പുനർനിർമ്മാണം | - | 24.60 ലക്ഷം |
| 8. | റീഹാബിലിറ്റേഷൻ ഓഫ് എൽ.ഐ.സ്കീം-മണപ്പാട്ടുച്ചിറ വലതുകര കനാലിന്റെ കേടായ വാൽവ് മാറ്റി സ്ഥാപിക്കലും വാൽവ് ഹൗസിൽ നിർമ്മാണവും നീലീശ്വരം നമ്പർ 1 എൽ.ഐ.സ്കീമിന്റെ നടുവട്ടം ഭാഗത്തുള്ള ബ്രാഞ്ച് കനാലിന്റെ നവീകരണ പ്രവർത്തനങ്ങളും | - | 15.00 ലക്ഷം |
| 9. | പാറക്കടവ് ഗ്രാമപഞ്ചായത്തിലെ കുറുമശ്ശേരി എൽ.ഐ.സ്കീമിന്റെ പമ്പ് ഹൗസിൽ നിന്നുള്ള കേടുവന്ന ഡെലിവറി പൈപ്പ് മാറ്റി സ്ഥാപിക്കലും ഡെലിവറി ടാങ്കിനടുത്തുള്ള കേടുവന്ന കനാലിന്റെ പുനർനിർമ്മാണവും | - | 30.00 ലക്ഷം |
| 10. | അങ്കമാലി നിയോജക മണ്ഡലത്തിലെ രണ്ടാം വാർഡിലെ മങ്ങാട്ടുകര എൽ.ഐ സ്കീം കനാലിന്റെ വാലറ്റ ഭാഗത്തുള്ള നവീകരണ വേലകൾ | - | 10.00 ലക്ഷം |
| 11. | ആവണംകോട് ലിഫ്റ്റ് ഇറിഗേഷന്റെ നിലവിലുള്ള സിമൻറ് കോൺക്രീറ്റ് ചാനലിന്റെ വാലറ്റ ഭാഗം ബി.എം ചാനലുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനം | - | 04.60 ലക്ഷം |

**സെക്ഷൻ ഓഫീസർ**